**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **30-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത് എന്നീ കാരണങ്ങളാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. അതേസമയം, കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെയും ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 7246 കോടി രൂപയുടെയും കുറവ് ഉണ്ടായിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ നടപ്പിലാക്കിയ മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതി (Scheme for Special Assistance for Capital Expenditure) 2023-24 - ന്റെ ഒന്നാം ഭാഗത്തിന് |

| | | | |
|---|---|---|---|
| | | | കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന 1925 കോടിയുടെ വായ്പാ സഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും proposal സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 5 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ വായ്പാസഹായം അനുവദിക്കാൻ നിർവാഹമില്ല എന്നാണ് കേന്ദ്രം മറുപടി നൽകിയിട്ടുള്ളത്. കേന്ദ്ര സർക്കാർ Branding നിർദ്ദേശിച്ചിട്ടുള്ള Swachh Bharat Mission (Gramin), Ayushman Bharat Health & Wellness Centres, Pradhan Manthri Awas Yojana (Urban), Poshan Abhiyan, National Health Mission എന്നീ സ്കീമുകളിൽ Branding/naming - മായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളെ അറിയിച്ചുവെങ്കിലും കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അനുകൂലമായ തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല. മൂലധനചെലവുകൾക്കായുള്ള പ്രത്യേക സഹായ പദ്ധതിയുടെ വിവിധ ഭാഗങ്ങളിലായി അനുവദിക്കേണ്ട ഒരു തുകയും നടപ്പ് വർഷം ഇതുവരെ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുമില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്. കൂടാതെ മേൽപ്പറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതവും കുടിശ്ശികയായിട്ടുണ്ട്.<br><br>മുൻ ഖണ്ഡികകളിൽ പരാമർശിക്കുന്ന തോതിലുള്ള സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം. |
| (ബി) | വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിനായി വേണ്ടി വരുന്ന തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ പരമാവധി വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിച്ചു പോരുന്നുണ്ട്. വിവിധ ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ |

| | | | |
|---|---|---|---|
| | | | തുക കണക്കാക്കി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിൽ കൊടുക്കാനുള്ള തുക എന്നത്തേക്ക് നൽകാൻ കഴിയും; വിശദമാക്കാമോ; | (സി) | സപ്ലൈകോയുടെ വിപണിയിടപെടലിനായുള്ള 2408-01-102-99 (NP) Grant to KSCSC Ltd for MIO-33-Subsidies എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 190.80 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നിന്നും 2022 ഓണക്കാലത്ത് സ്പെഷ്യൽ പഞ്ചസാര വിതരണം ചെയ്ത വകയിലുള്ള സബ്സിഡി തുകയായ 89,60,586/- രൂപയും വിപണിയിടപെടലിനായി 157.64 കോടി രൂപയും, ഓണക്കിറ്റ് വിതരണത്തിനായി 32.27 കോടി രൂപയും ചേർത്ത് 190.80 കോടി രൂപ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. മേൽ ശീർഷകത്തിൽ അധിക ധനാനുമതിക്കായുള്ള ഭരണ വകുപ്പ് പ്രൊപ്പോസൽ ധന ബജറ്റ് വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) | കോൺട്രാക്ടർമാർക്ക് കുടിശിക നൽകാത്തതിനാൽ മരാമത്തു പണികൾ സ്തംഭിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം പരിഗണിച്ച് തുക എത്രയും വേഗം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇല്ല. കൂടാതെ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ